പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4142 | 21.07.2015-ൽ മറുപടിക്ക്

## ദേശീയ നഗര ഉപജീവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) ദേശീയ ഉപജീവന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) i)ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള നഗര സഭകളുടെ കാര്യശേഷി വികസിപ്പിക്കുക.<br>ii) നഗരത്തിലെ ദരിദ്ര കുടുംബങ്ങളിൽപ്പെട്ടവർക്ക് നൈപുണ്യ പരിശീലനം നൽകി സ്ഥിരവരുമാനം തരപ്പെടുത്തി കൊടുക്കുകയോ, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള സഹായങ്ങൾ നൽകുകയോ ചെയ്യുക.<br>iii) നഗരത്തിൽ സ്വയം തൊഴിൽ പദ്ധതി നടപ്പാക്കുക.<br>iv) തെരുവ് കച്ചവടക്കാർക്കുള്ള സഹായ പദ്ധതികൾ നടപ്പാക്കുക.<br>v) നഗരത്തിലെ പാവപ്പെട്ട ഭവനരഹിതർക്കായി അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ സാമൂഹ്യ പാർപ്പിടങ്ങൾ ഒരുക്കുക.<br>vi) നഗരദാരിദ്ര്യ നിർമ്മാർജ്ജനത്തിനുതകുന്ന നൂതന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.<br>vii) നഗര ദരിദ്രരുടെ സാമൂഹ്യ സംഘാടനം സാധ്യമാക്കി അവരുടെ സംഘങ്ങൾ ഉയർത്തികൊണ്ടു വരികയും ചെയ്യുക. |

| | | | |
|---|---|---|---|
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; | (സി) | ദേശീയ നഗര ഉപജീവന മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി കുടുംബശ്രീയാണ്. നഗരസഭകൾ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. കുടുംബശ്രീയ്ക്ക് കീഴിലുള്ള നഗരതല കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റികളെ പദ്ധതിയുടെ സാമൂഹ്യ സംഘാടനത്തിനുള്ള റിസോഴ്സ് ഓർഗനൈസേഷനുകളായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നഗര ദരിദ്രർക്ക് തൊഴിൽ നൈപുണ്യ പരിശീലനങ്ങൾ നൽകി, സർട്ടിഫിക്കറ്റുകൾ നൽകി, ആദായകരമായ തൊഴിൽ തരപ്പെടുത്തി കൊടുക്കുന്നതിനുമായി നൈപുണ്യ വികസന കോർപ്പറേഷനുമായി കരാർ ഒപ്പിട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഡി) | സംസ്ഥാന തലത്തിലും നഗരതലത്തിലും മിഷൻ മാനേജ്മെന്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. താൽപര്യം പ്രകടിപ്പിച്ച നഗരസഭകൾക്ക് സാമൂഹ്യ പാർപ്പിടങ്ങൾ പണിയുന്നതിനുള്ള പദ്ധതികൾക്ക് അംഗീകാരം നൽകി ഒന്നാം ഗഡു നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ മറ്റെല്ലാ ഘടകങ്ങളുടെയും പ്രവർത്തനം അതിവേഗം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ